പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *283 29.01.2014 ലെ മറുപടിയ്ക്ക്

## കർഷക ആത്മഹത്യ - ധനസഹായ വിതരണം

ചോദ്യം

ശ്രീമതി.ഗീതാ ഗോപി
ശ്രീ. വി.എസ്.സുനിൽ കുമാർ
ശ്രീ. പി.തിലോത്തമൻ
ശ്രീ. കെ.രാജു

മറുപടി

ശ്രീ. കെ.പി. മോഹനൻ
(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി)

(എ) 2011 മേയ് മാസത്തിനു ശേഷം കർഷകർ ആത്മഹത്യ ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(എ) ഉണ്ട്. 2011 മെയ് മാസത്തിനു ശേഷം ആത്മഹത്യ ചെയ്ത കർഷകരുടെ ജില്ല തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ജില്ല | ആത്മഹത്യ ചെയ്ത കർഷകരുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 2 |
| കൊല്ലം | - |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 2 |
| കോട്ടയം | - |
| എറണാകുളം | - |
| ഇടുക്കി | - |
| തൃശ്ശൂർ | 2 |
| പാലക്കാട് | 9 |
| മലപ്പുറം | - |
| കോഴിക്കോട് | 1 |
| വയനാട് | 26 |
| കണ്ണൂർ | 6 |
| കാസർഗോഡ് | 3 |
| **ആകെ** | **52** |

2011 മെയ് മാസത്തിനു ശേഷം ആത്മഹത്യ ചെയ്ത കർഷകരുടെ കുടുംബങ്ങൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്ന് ധനസഹായം നൽകിയിട്ടുണ്ട്. വിശദവിവരങ്ങൾ ചുവടെചേർക്കുന്നു.

| ജില്ല | ധനസഹായം ലഭിച്ച കർഷകരുടെ എണ്ണം |
|---|---|
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 1 |
| തൃശ്ശൂർ | 1 |
| കോഴിക്കോട് | 1 |
| വയനാട് | 18 |
| കണ്ണൂർ | 4 |
| കാസർഗോഡ് | 3 |
| **ആകെ** | **29** |

മേൽപ്പറഞ്ഞവരിൽ വയനാട് ജില്ലയിൽ ആത്മഹത്യ ചെയ്ത ഒരു കർഷകന്റെ കുടുംബത്തിന് ഒഴികെ ഉള്ളവർക്ക് ഒരു ലക്ഷം രൂപ വീതവും പ്രസ്തുത കർഷകന്റെ കുടുംബത്തിന് 50,000/- രൂപയുമാണ് അനുവദിച്ചിട്ടുള്ളത്.

**(ബി)** കർഷകർക്ക് പലിശരഹിത വായ്പ ലഭ്യമാക്കുന്നതിന് എന്തു നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

**(ബി)** സഹകരണ സംഘങ്ങളിൽ/ബാങ്കുകളിൽ നിന്നും 2011-12 വർഷം മുതൽ ചെറുകിട കർഷകർക്ക് വിതരണം ചെയ്തിട്ടുള്ളതും കൃത്യമായി തിരിച്ചടയ്ക്കുന്നതുമായ ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിത വായ്പകളാക്കുന്നതിനുള്ള 'പലിശ രഹിത വായ്പ പദ്ധതി' (ഉത്തേജന പലിശ ഇളവ് പദ്ധതി) ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ടി പദ്ധതിയിൻ കീഴിൽ ഇതുവരെ 1,69,75,578/- രൂപയുടെ പലിശ സബ്സിഡി ആനുകൂല്യം അനുവദിച്ച് നൽകിയിട്ടുണ്ട്.

സഹകരണ സംഘങ്ങൾ/ബാങ്കുകൾ സ്വന്തം ഫണ്ട് ഉപയോഗിച്ച് പരമാവധി 7% പലിശ നിരക്കിൽ വിതരണം ചെയ്യുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്ന കർഷകർക്ക് 3% പലിശ സബ്സിഡി കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്നുണ്ട്. കേന്ദ്ര സർക്കാർ കർഷകർക്ക് അനുവദിച്ച് നൽകുന്ന 3% സബ്സിഡി കഴിച്ച് ബാക്കി 4% സബ്സിഡിയാണ് ഉത്തേജന പലിശയിളവ് പദ്ധതി പ്രകാരം സംസ്ഥാന സർക്കാർ അനുവദിച്ച് ടി വായ്പകൾ പലിശ രഹിത വായ്പകളായി മാറ്റുന്നത്.

ഭക്ഷ്യ സുരക്ഷാ പദ്ധതി പ്രകാരം സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനും നെൽകർഷകരെ നെൽകൃഷിയിലേക്ക് പ്രോത്സാഹിപ്പിക്കുന്നതിനും നിലവിലുള്ള നെൽകൃഷി മേഖല സംരക്ഷിച്ച് സംസ്ഥാനത്തെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിനും നെൽകൃഷി ലാഭകരമാക്കുന്നതിനുമുള്ള ഉദ്ദേശ്യ ലക്ഷ്യത്തോടെ നെൽകൃഷിക്കായി പലിശ രഹിത

വായ്പാ പദ്ധതി 2010-11 സാമ്പത്തിക വർഷം മുതൽ നടപ്പിലാക്കി വരുന്നു. 2012-13 വർഷത്തെ ബഡ്ജറ്റിൽ ഇതിനായി ഉൾക്കൊള്ളിച്ചിരുന്ന ഒരു കോടി രൂപയിൽ നാളിതുവരെ ലഭിച്ച ക്ലെയിം അനുസരിച്ച് 75,73,317/- രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (സി) | കർഷക ആത്മഹത്യ ഒഴിവാക്കുന്നതിനായി രൂപം കൊടുത്ത കർഷക കടാശ്വാസ കമ്മീഷന്റെ പ്രവർത്തനം തൃപ്തികരമല്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് എന്തു നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ